**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3958</u>** **<u>17-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ആശാ വർക്കർമാർമാരുടെ നിയമന രീതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആശാ വർക്കർമാരുടെ നിയമന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ; | (എ) | അതത് വാർഡ് / ഡിവിഷൻ പരിധിയിലെ സ്ഥിര താമസക്കാരിൽ നിന്നാണ് ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കേണ്ടതെങ്കിലും തെരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽ നിന്നും അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മറ്റു വാർഡുകളിൽ നിന്നുമുള്ളവരെ പരിഗണിക്കാവുന്നതുമാണ്. ഇവർ വിവാഹിതരും, 25 നും 45 നും ഇടയിൽ പ്രായമുള്ളവരും, 10 ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായിരിക്കണം. കൂടാതെ നേതൃപാടവവും, ആശയവിനിമയ ശേഷിയും, വിവേചനരഹിതമായി സമൂഹത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിയുമായിരിക്കണം. ഇങ്ങനെ ആശയെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മിറ്റിയായിരിക്കും.<br><br>1. പഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർപേഴ്സൺ / കോർപ്പറേഷൻ മേയർ<br><br>2. ബന്ധപ്പെട്ട വാർഡ് മെമ്പർ/ കൗൺസിലർ<br><br>3. ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ<br><br>4. വാർഡ് ഉൾപ്പെടുന്ന സബ് സെന്ററിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്<br><br>5. ഡിസ്ട്രിക്റ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി / ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർദ്ദേശിക്കുന്ന വ്യക്തി<br><br>ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആശയുടെ വിവരം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജരെ രേഖാമൂലം അറിയിച്ച് അംഗീകാരം നേടിയതിനുശേഷം ആവശ്യമായ പ്രാഥമിക |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങൾ പൂർത്തിയാക്കിയെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ സാക്ഷ്യപ്പെടുത്തി ഫീൽഡുതല പ്രവർത്തനങ്ങൾക്ക് വിന്യസിക്കുന്നതുമാണ്. |
| (ബി) | ആശാവർക്കർമാർക്ക് എന്നു മുതലാണ് ഇൻസന്റീവ് മാറ്റി ഓണറേറിയം നൽകാൻ തീരുമാനിച്ചതെന്നും വിശദമാക്കുമോ; | (ബി) | ഇപ്രകാരം തീരുമാനിച്ചിട്ടില്ല. ആശമാർക്ക് ഇൻസെന്റീവുകളും ഹോണറേറിയവും നൽകി വരുന്നുണ്ട്. ആശമാർക്ക് ഫിക്സഡ് ഇൻസെൻറ്റീവുകളും ചെയ്യുന്ന സേവനങ്ങൾക്കനുസരിച്ച് വിവിധ ആരോഗ്യ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും, സംസ്ഥാന വിഹിതത്തിൽ നിന്നും 60:40 എന്ന അനുപാതത്തിൽ നൽകി വരുന്നുണ്ട്. ഹോണറേറിയം മുഴുവനായും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് നൽകുന്നത്. |
| (സി) | ഓണറേറിയം നൽകുന്നതിൽ കേന്ദ്രസർക്കാർ നൽകേണ്ട വിഹിതത്തിൽ കുടിശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണെന്നും എന്നു മുതലാണ് കുടിശിക വരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ; | (സി) | ഹോണറേറിയം മുഴുവനായും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് നൽകുന്നത്. |
| (ഡി) | ആശാവർക്കർമാർക്ക് നൽകിവരുന്ന ഓണറേറിയം തുക ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഹോണറേറിയം സംബന്ധിച്ച തുക വിവരം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| State wise ASHA Honorarium | | |
|---|---|---|
| Sl.No | State / UT | Honorarium |
| 1 | Andaman & Nicobar Island | 500/- |
| 2 | Andra Pradesh | Provides balance amount to match the total incentive of Rs.10000/month /ASHA |
| 3 | Arunachal Pradesh | 2000/- |
| 4 | Bihar | 1000/- |
| 5 | Chhattisgarh | 75% of matching amount of incentives from state fund over the incentives earned by ASHA |
| 6 | Delhi | 3000/- |
| 7 | Gujarat | 2500/- |
| 8 | Haryana | 6100/- |
| 9 | Himachal Pradesh | 4700/- |
| 10 | Jharkhand | 1000/- |
| 11 | Karnataka | 5000/- |
| 12 | Kerala | 7000/- |
| 13 | Maharashta | 3500/- |
| 14 | Manipur | 1000/- |
| 15 | Meghalaya | 2000/- |
| 16 | Madhya pradesh | 4000/- |
| 17 | Odisha | 1000/- |
| 18 | Punucherry | 3000/- |
| 19 | Punjab | 2500/- |
| 20 | Rajasthan | 1650 |
| 21 | Sikkim | 6000/- |
| 22 | Tamil Nadu | NCD Incetive - Rs. 500/- |
| 23 | Telangana | 6750/- |
| 24 | Tripura | Top up @100 % on 8 specific work and 33.33% on NHM work from State exchequer and @ Rs.1000/ fixed for each ASHA and Afs. |
| 25 | Uttar Pradesh | 1500/- |
| 26 | Uttarakhand | 3000/- |

| | | |
|---|---|---|
| 27 | West Bengal | 5250/- |

സെക്ഷൻ ഓഫീസർ